"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - കാഞ്ഞങ്ങാട് നഗരസഭ - അലാമിപ്പള്ളി എന്ന സ്ഥലത്ത് ബസ്സ്സ്റ്റാൻഡ് പണിയുന്നതിനു നഗരസഭ ഏറ്റെടുക്കാൻ തീരുമാനിച്ച സ്ഥലത്ത് വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിനു പെർമിറ്റ് നൽകിയതുമായി ബന്ധപ്പെട്ട വിജിലൻസ് & ആൻറി കറപ്ഷൻ ബ്യൂറോയുടെ കേസ് നം.വിസി 6/2014 കെ.എസ്.ഡി - മുൻ നഗരസഭ സെക്രട്ടറി ശ്രീ.എം.സി.ജോണിനെ വിചാരണ ചെയ്യുന്നതിനു അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(കൈ) നം.25/2025/LSGD തീയതി,തിരുവനന്തപുരം, 08-02-2025

പരാമർശം:-
1. വിജിലൻസ് & ആൻറി കറപ്ഷൻ ബ്യൂറോ ഉത്തരമേഖല പോലീസ് സൂപ്രണ്ടിന്റെ 03/2021 തീയതിയിലെ സി(വി.സി 06/2014/കെ.എസ്.ഡി) 40/15/എൻ.ആർ.കെ നമ്പർ കത്തും വിജിലൻസ് ആൻറ് ആൻറികറപ്ഷൻ ബ്യൂറോ, കാസറഗോഡ് യൂണിറ്റിന്റെ വിസി 6/2014 കെ.എസ്.ഡി കേസ്സിന്റെ അനുബന്ധ രേഖകളും.
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 05.02.2024 തീയതിയിലെ LSGD/PD/10565/2023-VIGE5 നമ്പർ കത്ത്.

<u>ഉത്തരവ്</u>

കാസറഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് നഗരസഭയിൽ ബിൽഡിങ്ങ് ഇൻസ്പെക്ടറായിരുന്ന ശ്രീ.എം ടി ഗണേശൻ(S/o ചന്തുക്കുട്ടി(Late), സി.എസ് ഐ ചർച്ചിനടുത്ത്, കരുവാച്ചേരി, നീലേശ്വരം), കാഞ്ഞങ്ങാട് നഗരസഭ സെക്രട്ടറിയായിരുന്ന ശ്രീ.എം.സി.ജോൺ (S/o മത്തായി ചെറിയാൻ മർക്കരയിൽ, മുളവൂർ വില്ലേജ് പുതുപ്പാടി, മൂവാറ്റുപുഴ എറണാകുളം ജില്ല) എന്നിവർ സർക്കാർ ഉദ്യോഗസ്ഥർ എന്ന നിലയിൽ ജോലി ചെയ്തുവരവെ, കാഞ്ഞങ്ങാട് നഗരസഭയിലെ അലാമിപ്പള്ളി എന്ന സ്ഥലത്ത് ബസ്സ്സ്റ്റാൻഡ് ഷോപ്പിങ്ങ് കോംപ്ലക്സും സ്റ്റേഡിയവും പണിയുന്നതിനു തീരുമാനിച്ച് സർക്കാർ അനുമതിയോട് കൂടി സ്ഥലമെടുപ്പ് നടപടികൾ നടന്നുവരവെ, പ്രതികളായ ശ്രീമതി വന്ദന നായിക്ക് W/o.എം.ബൽരാജ്, ഭവാനിശങ്കർരാജ് റെസിഡൻസിയ്ക്ക് സമീപം, അലാമിപ്പള്ളി, കാഞ്ഞങ്ങാട്, (2) ശ്രീമതി ദീപനാഗരാജ്, W/o നാഗരാജ് രാധ നിവാസ് കാഞ്ഞങ്ങാട് സൌത്ത് പി.ഒ, കാഞ്ഞങ്ങാട്. (3) ശ്രീ. നിതിൻ നാഗരാജ് S/o. നാഗരാജ്, രാധ നിവാസ് കാഞ്ഞങ്ങാട് സൗത്ത് പി.ഒ, കാഞ്ഞങ്ങാട്. (4) ശ്രീ. നാഗരാജ്, S/o. മദൻമോഹൻ, രാധ നിവാസ് കാഞ്ഞങ്ങാട് സൗത്ത് പി.ഒ, കാഞ്ഞങ്ങാട് എന്നിവരുമായി ചേർന്ന് തങ്ങളുടെ ഓദ്യോഗിക പദവി ദുരുപയോഗം ചെയ്ത് ഗൂഢാലോചന നടത്തി സാമ്പത്തിക ലാഭം ഉണ്ടാക്കണമെന്ന ഉദ്ദേശത്തോടെ ശ്രീമതി വന്ദന നായിക്ക്, ശ്രീമതി ദീപ നാഗരാജ്, ശ്രീ. നിതിൻ നാഗരാജ്, ശ്രീ. നാഗരാജ്, എന്നിവർ അക്വയർ ചെയ്യുന്നതിന് നഗരസഭ തീരുമാനിച്ച സർവ്വെ നമ്പർ

ഉൾപ്പെടുന്ന സ്ഥലത്ത് ഹോട്ടൽ കെട്ടിടം പണിയുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ ആനുമതി നൽകിയതായി കാസറഗോഡ് വിജിലൻസ് ആൻറ് ആൻറി കറപ്ഷൻ ബ്യൂറോ യൂണിറ്റ് അന്വേഷണം നടത്തിയ വിസി 6/2014 നമ്പർ കേസ്സിന്റെ അന്വേഷണ രേഖകളിൽ നിന്നും സാക്ഷി മൊഴികളിൽ നിന്നും വെളിവായിട്ടുണ്ട്.

2. കൂടാതെ ഇത്തരത്തിൽ അനധികൃതമായി നിർമ്മാണം നടന്നു വന്നിരുന്ന കെട്ടിടത്തിന്റെ 1, 2 നിലകൾ പൂർത്തിയായി മൂന്നാം നിലയ്ക്കുള്ള നിർമ്മാണാനുമതി ശ്രീ. എം. ടി. ഗണേശൻ, എന്നയാൾ സെക്രട്ടറിയുടെ ചാർജ്ജിലിരിക്കെ ക്ലർക്കായിരുന്ന ശ്രീ. പി.ജി. ശശി, എന്നവരുമായി ഒത്തുചേർന്ന് 16-07-2009 തീയതിയിലെ കൗൺസിൽ മിനുട്സ് ബുക്കിൽ മന:പൂർവ്വം കൃത്രിമം കാണിച്ച് കെട്ടിടനിർമ്മാണാനുമതിയ്ക്കായി നൽകിയ അപേക്ഷയിൽ വ്യക്തമാക്കിയിട്ടുള്ള സർവ്വെ നമ്പറുകൾ അക്വസിഷൻ നടപടികളിൽ നിന്നും ഒഴിവാക്കിയതായി എഴുതിച്ചേർത്തതായും വെളിവായിട്ടുണ്ട്. അയതിനാൽ കാഞ്ഞങ്ങാട് നഗരസഭ സെക്രട്ടറിയായിരുന്ന ശ്രീ.എം.സി.ജോണിനെ കുറ്റവിചാരണ അനുമതി നൽകണമെന്ന് പരാമർശം (1) പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. ടി വിഷയത്തിൽ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) പ്രകാരം സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

3. കാഞ്ഞങ്ങാട് നഗരസഭയിലെ അലാമിപ്പള്ളി ബസ് സ്റ്റാൻഡ് കം ഷോപ്പിംഗ് കോംപ്ലക്സ് പണിയുന്നതിനുള്ള സ്ഥലമെടുപ്പ് നടപടികൾ കാഞ്ഞങ്ങാട് നഗരസഭ ആരംഭിച്ചിരുന്നു. 235/4, 235/5, 235/6, 236/7 എന്നീ സർവ്വേ നമ്പരുകളിലുള്ള സ്ഥലം (0.8517 ഹെക്ടർ) ഏറ്റെടുക്കുന്നതിന് 11.11.2001 തിയതിയിലെ വിജ്ഞാപന നമ്പർ 1771 പ്രകാരം വിജ്ഞാപനം ചെയ്യുകയും ചെയ്തിരുന്നു. 16.03.2001 ലെ വിജ്ഞാപന നമ്പർ 1917/99 പ്രകാരം 235/1, 235/2, 235/3, 236/1 സർവ്വേ നമ്പരിലുള്ള 0.8828 ഹെക്ടർ ഭൂമിയും പൊതുകാര്യത്തിനായി അക്വയർ ചെയ്യുന്നതിന് വിജ്ഞാപനം ചെയ്തിട്ടുണ്ട്. 16.03.2001 ലെ വിജ്ഞാപന നമ്പർ 1917/99 പ്രകാരം 235/1, 235/2, 235/3, 236/1 സർവ്വേ നമ്പരിലുള്ള 0.8828 ഹെക്ടർ ഭൂമിയും പൊതുകാര്യത്തിനായി അക്വയർ ചെയ്യുന്നതിന് വിജ്ഞാപനം ചെയ്തിട്ടുണ്ട്.

4.ഈ നടപടിക്രമങ്ങൾ നിലനിൽക്കേ ശ്രീമതി വന്ദന നായക്, ദീപ നാഗരാജ്, നിതിൻ നാഗരാജ് എന്നിവർക്ക് പാർപ്പിടാവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി ആവശ്യപ്പെട്ട് അപേക്ഷ സമർപ്പിക്കുകയും പാർപ്പിടാവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിന് 25.02.2010 തീയതിയിൽ ബി എ നം.260./09-10 പ്രകാരം പെർമിറ്റ് അനുവദിച്ച് നൽകുകയും ചെയ്തിരുന്നു. പെർമിറ്റ് നൽകിയ സർവ്വേ നമ്പറുകൾ പരിശോധിച്ചതിൽ വിജ്ഞാപനം ചെയ്യപ്പെട്ട 235/3 ലെ 0.3540 ഹെക്ടർ സ്ഥലം ഉൾപ്പെട്ടതായി പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തു. നഗരസഭ അക്വയർ ചെയ്യുന്നതിന് വിജ്ഞാപനം ചെയ്തിരുന്ന ഭൂമിയിൽ സ്വകാര്യ വ്യക്തികൾക്ക് പാർപ്പിടാവശ്യത്തിന് കെട്ടിടനിർമ്മാണ അനുമതി നൽകിയ മേൽ നടപടി സെക്രട്ടറി ആയിരുന്ന ശ്രീ.എം.സി.ജോണിന്റെ ഭാഗത്ത് നിന്നുള്ള വീഴ്ചയാണെന്ന് പരാമർശം (2) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

5. എന്നതിനാൽ ശ്രീ. എം.സി. ജോൺ, ശ്രീ. പി.ജി.ശശി, ശ്രീമതി വന്ദന നായിക്ക്, ശ്രീമതി ദീപനാഗരാജ്, ശ്രീ. നിതിൻ നാഗരാജ്, ശ്രീ. നാഗരാജ്, എന്നിവരുടെ മേൽ പ്രവർത്തികൾ അഴിമതി നിരോധന നിയമപ്രകാരമുള്ള സെക്ഷൻ 13(1)(d)r/w 13(2) വകുപ്പ് പ്രകാരവും ഇൻഡ്യൻ ശിക്ഷാ നിയമത്തിലെ 120(B), 420, 468, 471 വകുപ്പുകൾ പ്രകാരവുമുള്ള

കുറ്റ കൃത്യങ്ങളിൽപ്പെട്ടതാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ളതാകുന്നു. അക്വയർ ചെയ്യുന്നതിന് നഗരസഭ തീരുമാനിച്ച സർവ്വെ നമ്പർ ഉൾപ്പെടുന്ന സ്ഥലത്ത് ശ്രീമതി വന്ദന നായിക്ക്, ശ്രീമതി ദീപനാഗരാജ്, ശ്രീ. നിതിൻ നാഗരാജ്, ശ്രീ. നാഗരാജ്, -4 മുതൽ 7 വരെ പ്രതികൾ ;ചേർന്ന് ഹോട്ടൽ കെട്ടിടം നിർമ്മിക്കുന്നതിന് നഗരസഭയിൽ 02.11.2009 തിയ്യതി അപേക്ഷ നൽകുകയും നഗരസഭ ഉദ്യോഗസ്ഥരായ ശ്രീ. എം.സി. ജോൺ, ശ്രീ. എംടി ഗണേശൻ, ശ്രീ. പി.ജി.ശശി,-1 മുതൽ 3 വരെയുള്ള ഉദ്യോഗസ്ഥരെ സ്വാധീനിച്ച് കെട്ടിടം പണിയുന്നതിനുള്ള പെർമിറ്റ് കരസ്ഥമാക്കിയിട്ടുള്ളതായും, നഗരസഭ ഏറ്റെടുക്കുവാൻ സർക്കാർ അനുമതി ലഭിച്ച സ്ഥലത്ത് കെട്ടിട നിർമ്മാണാനുമതി നല്കിയ 1 മുതൽ 3 വരെ പ്രതികളും 8-ആം പ്രതിയും സർക്കാരിനെ വഞ്ചിച്ച് അഴിമതി നടത്തിയതായും വിജിലൻസ് അന്വേഷണത്തിൽ വെളിവായിരുന്നു. വി.സി-06/2014/കെ.എസ്.ഡി-ലെ മൂന്നാം പ്രതിയായ വിരമിച്ച കാഞ്ഞങ്ങാട് നഗരസഭ സെക്രട്ടറി ശ്രീ.എം.സി.ജോണിനെ കുറ്റവിചാരണ ചെയ്യേണ്ടതുണ്ട് .

6. മേൽ കേസ്സിന്റെ ആരോപണങ്ങളും വസ്തുതകളുമടങ്ങിയ രേഖകളും സാക്ഷി മൊഴികളും പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടും സൂക്ഷ്മമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നഗരസഭ സെക്രട്ടറി ആയിരുന്ന ശ്രീ.എം.സി ജോൺ ചെയ്തതായി കാണുന്ന 1988 ലെ അഴിമതി നിരോധന നിയമത്തിലെ കുറ്റകൃത്യങ്ങൾക്കും മറ്റ് നിയമങ്ങൾ പ്രകാരം ശിക്ഷാർഹമായവയിൽ ഉൾപ്പെടുന്ന കുറ്റങ്ങൾക്കും, മേൽ പ്രവർത്തികൾ കണക്കിലെടുത്ത് വിജിലൻസ് കോടതി മുൻപാകെ വിചാരണ ചെയ്യുന്നതിന് 1988 ലെ അഴിമതി നിരോധന നിയമത്തിന്റെ സെക്ഷൻ 19(1)(ബി) പ്രകാരമുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

Sharmilamaryjoseph

ഡോ. ഷർമിള മേരി ജോസഫ്
പ്രിൻസിപ്പൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
പോലീസ് സൂപ്രണ്ട്, ഉത്തര മേഖല, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, കോഴിക്കോട്-
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം.
ശ്രീ.എം സി ജോൺ, മുൻ നഗരസഭ സെക്രട്ടറി(Rtd), കാഞ്ഞങ്ങാട് നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
വിജിലൻസ് വകുപ്പ്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം. (ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.(ഇയു1/185/2022-ത.സ്വ.ഭ.വ)